# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:773 13.06.2012 - ൽ മറുപടിക്ക്

## കറുകുറ്റി മുക്കന്നൂർ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി-മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;? | (എ) പദ്ധതിക്കാവശ്യമായ ശുദ്ധീകരണശാലയും, പമ്പിംഗ് മെയിൻ വിതരണ ശൃംഖലയുടെ പ്രധാന പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കൈമാറിയ സ്ഥലത്തിന്റെ ഒരു ഭാഗത്ത് കൈവശാവകാശം സംബന്ധിച്ച തർക്കവും കോടതിയിൽ കേസും നിലവിൽ ഉണ്ട്. ആയതിനാൽ ടി പദ്ധതിയുടെ പമ്പിംഗ് മെയിൻ ജലശുദ്ധീകരണശാലയിൽ നിന്നും വെള്ളം കൊണ്ടു പോകുന്ന പ്രധാന പൈപ്പുകളും, വേസ്റ്റ് വാട്ടർ പോകുന്നതിനുള്ള പൈപ്പുകളും സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. പൈപ്പുകൾ സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് കാര്യങ്ങൾ പഞ്ചായത്ത് പരിഹരിച്ച് സ്ഥലം ഏറ്റെടുത്ത് തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ കറുകുറ്റി പഞ്ചായത്തിലെ രണ്ട് സ്ഥലങ്ങളിൽ റയിൽവേ ലൈൻ ക്രോസ് ചെയ്ത് ശുദ്ധജലവിതരണ പൈപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിന്റെ അനുമതി |

റയിൽവേയിൽ നിന്ന് ഇതു വരെ ലഭിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | കറുകുറ്റി പഞ്ചായത്തിൽ റെയിൽവേ ലൈൻ ക്രോസ് ചെയ്ത് ശുദ്ധജലവിതരണ പൈപ്പ് സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | ഇല്ല. റെയിൽവേ ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാ രേഖകളും സമർപ്പി ച്ചിട്ടുണ്ട്. അവസാനമായി ആവശ്യപ്പെട്ട രേഖകൾ 8.12.2011-ൽ സമർപ്പിച്ചിട്ടിട്ടുണ്ട്. |
| (സി) | മേല്പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസുകളുടെ അവസ്ഥ വ്യക്തമാക്കുമോ ? | (സി) | കേസുകൾ നിലവിൽ ഉണ്ട്. ജല ശുദ്ധീകരണശാലയുടെ നിർമ്മാണത്തിനു വേണ്ടി കറുകുറ്റി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത 80 സെന്റു സ്ഥലത്തിലെ 18 സെന്റു സ്ഥലത്തെ സംബന്ധിച്ച കൈവശാവകാശ തർക്കം ആലുവ മുൻസിഫ് കോടതിയിൽ നിലവിൽ ഉണ്ട്. ടി തർക്കം പരിഹരിക്കുന്നതിന് വേണ്ടി അഡ്വ. കമ്മീഷണർ. സി.ജെ. പോളിനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ